**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1765** — **11-10-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് പഠന കാലത്തുതന്നെ പ്രായോഗിക പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ മേഖലയിൽ മികച്ച അവസരങ്ങൾ നേടിയെടുക്കുന്നതിന് ആവശ്യമായതെന്തെന്ന് പഠനത്തിനിടയിൽത്തന്നെ വിദ്യാർത്ഥികളെ ബോധ്യപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ട തൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി അസാപ് കേര മുഖാന്തരം 130 ലധികം നൂതന കോഴ്സുകൾ ലഭ്യമാക്കുന്നുണ്ട്. ഈ കോഴ്സുകൾ വിദ്യാർത്ഥികൾക്കും പഠനത്തോടൊപ്പം പരിശീലനം നേടാൻ കഴിയുന്ന രീതിയിലാണ് സജ്ജീകരിച്ചിരിക്കുന്നത് . സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയും, വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ, വഴിയുമാണ് കേരളത്തിലെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ അസാപ് മുഖാന്തിരം ഏകോപിപ്പിക്കുന്നത്. 500ലധികം സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് & കരിയർ പ്ലാനിംഗ് (CSDCCP ) സെന്ററുകൾ അസാപ് കേരളയുടെയും കെൽട്രോണിന്റെയും നേതൃത്വത്തിൽ കേരളത്തിന്റെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ഥാപിച്ചു കഴിഞ്ഞു. വിദ്യാർത്ഥികളുടെ പഠന മേഖലയുമായി ബന്ധപ്പെട്ട് കഴിവുകളുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്ന ശിൽപശാലകൾ കോളേജുകളിൽ സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കേരള സർവ്വകലാശാലയിൽ Outcome based സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. സ്വന്തമായി ഒരു കുട്ടിയ്ക്ക് അഭിരുചിക്കനുസരിച്ച് ഒരു പ്രോഗ്രാം ഡിസൈൻ ചെയ്യാൻ പ്രാപ്തമാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. Foundation courses, discipline specific pathway components, discipline capstone components എന്നിങ്ങനെ മൂന്ന് തരത്തിലുള്ള കോഴ്സുകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിലടങ്ങിയിരിക്കുന്ന ability enhancement courses, skill enhancement |

| | | | |
|---|---|---|---|
| | | | courses, value added courses, multidisciplinary courses എന്നിവ വിദ്യാർത്ഥികൾക്ക് നൂതനാശയങ്ങൾ വികസിപ്പിക്കുന്നതിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും സഹായകമാകുന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത്.<br><br>**ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല** നൈപുണ്യ വികസനത്തിനും തൊഴിൽ പരിശീലനത്തിനും മുൻഗണന നൽകുന്നവിധത്തിൽ ബി.എ നാനോ എന്റർപ്രെണർഷിപ്പ് എന്ന ബിരുദ പ്രോഗ്രാം ആരംഭിക്കുകയും ഒപ്പം ഐ.സി.ടി അക്കാദമി, കെൽട്രോൺ പോലുള്ള സ്ഥാപങ്ങളുമായി ചേർന്ന് ഐടി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ്, പോലുള്ള തൊഴിൽ സാധ്യത ഉള്ള നൈപുണ്യ മേഖലകൾക്ക് ഊന്നൽ നൽകുന്ന ഹ്രസ്വകാല, സർട്ടിഫിക്കേഷൻ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. **കാലിക്കറ്റ് സർവകലാശാല** OBE അടിസ്ഥാനമാക്കി സിലബസുകൾ രൂപകൽപ്പന ചെയ്യും, ഇന്റേൺഷിപ് , ഇൻഡസ്ട്രിയൽ എക്സ്പോഷർ ട്രെയിനിങ് എന്നിവ സിലബസിൽ ഉൾപ്പെടുത്തികൊണ്ടും തൊഴിൽ മേഖലയിൽ മികച്ച അവസരങ്ങൾ നേടിയെടുക്കുന്നതിന് ആവശ്യമായതെന്തെന്ന് പഠനത്തിനിടയിൽത്തന്നെ വിദ്യാർത്ഥികളെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട് .<br><br>ആധുനിക വിദ്യാഭ്യാസത്തിൽ പ്രായോഗിക പരിശീലനത്തിന് പ്രധാന്യം നൽകുന്നതിനായി മഹാത്മാ ഗാന്ധി സർവകലാശാല Directorate for Applied Short-term Programmes (DASP)ന്റെ കീഴിൽ ഹ്രസ്വകാല സ്കിൽ ഡെവലപ്മെന്റ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയും പഠനത്തോടൊപ്പം തൊഴിൽ അവസരങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്ന വിധത്തിലാണ് നാലുവർഷബിരുദ പ്രോഗ്രാമിന്റെ കരിക്കുലം തയ്യാറാക്കിയിട്ടുള്ളത്.<br><br>വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും IHRD സെല്ലുകൾ രൂപികരിച്ചിട്ടുണ്ട്. സ്കോളർഷിപ്പുകളും ഇൻറേൺഷിപ്പുകളും വ്യവസായിക രംഗത്തെ വിദഗ്ധൻമാരുടെയും സാങ്കേതിക വിദഗ്ധരുടെയും നേതൃത്വത്തിലുള്ള പരിശീലന പരിപാടികളും വിദ്യാർഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പഠന കാലത്തുതന്നെ | (ബി) | ഉണ്ട്. നാല് വർഷ ഡിഗ്രി പ്രോഗ്രാമിന്റെ പാഠ്യപദ്ധതിയുടെ ഭാഗമായി കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് Multi Disciplinary കോഴ്സുകൾ |

| | |
|---|---|
| പ്രായോഗിക പരിശീലനം ഉറപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | Value Addition കോഴ്സുകൾ, skill Enhancement കോഴ്സുകൾ മുതലായവ തെരഞ്ഞെടുത്ത് പഠിക്കാനുള്ള സൌകര്യം കേരളത്തിലെ എല്ലാ കലാലയങ്ങളിലും ലഭ്യമാണ്. തൊഴിൽ മേഖലയിൽ മികച്ച അവസരങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് ബന്ധപ്പെട്ട സ്കിൽ ട്രെയിനിങ് കോഴ്സുകൾ നാല് വർഷ ഡിഗ്രി പ്രോഗ്രാമിന്റെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>എപിജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ ചേർന്നിട്ടുള്ള വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫഷണലും സാങ്കേതിക വൈദഗ്ധ്യവും പരിഷ്കരിക്കുന്നതിനും വാഗ്ദാനപ്രദമായ കരിയർ ഉറപ്പാക്കുന്നതിനുമായി യൂണിവേഴ്സിറ്റിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി യോഗ്യരാണെന്ന് കണ്ടെത്തിയ വിദ്യാർത്ഥികൾക്ക് രാജ്യത്തും വിദേശത്തുമുള്ള കമ്പനികളിലും പ്രമുഖ സ്ഥാപനങ്ങളിലും ഇന്റേൺഷിപ്പ് സൌകര്യം നൽകാനുള്ള നടപടികൾ അസാപ് കേരള ആരംഭിച്ചിട്ടുണ്ട്.<br><br>കേരള സർവ്വകലാശാലയിൽ എൽ.എൽ.ബി കോഴ്സിൽ പ്രായോഗിക പരിശീലനമായി Moot court exercise , Observance of Trial, Interviewing techniques and pre- trial preparations, ഇന്റേൺഷിപ് മുതലായവ നിർദേശിച്ചിട്ടുണ്ട് . ബി എഡ്, എം.എഡ് എന്നീ കോഴ്സുകളുടെ റെഗുലേഷനിൽ പ്രായോഗിക പരിശീലനമായി സ്കൂൾ ഇന്റേൺഷിപ് ഇൻ ടീച്ചിങ് ഉൾപെടുത്തിയിട്ടുണ്ട് . MBA യുടെ റെഗുലേഷനിൽ 2 -ആം സെമെസ്റ്ററിൽ സമ്മർ ഇന്റേൺഷിപ്, 4-ആം സെമെസ്റ്ററിൽ പ്രായോഗിക തലത്തിലുള്ള Main Project മുതലായവ നിർദേശിച്ചിട്ടുണ്ട്.<br><br>MCA കോഴ്സിൻ്റെ റെഗുലേഷനിൽ 4 -ആം സെമെസ്റ്ററിൽ പ്രായോഗിക പരിശീലനമായി ഇന്റേൺഷിപ്, ഓരോ സെമെസ്റ്ററിലും ലബോറട്ടറി കോഴ്സ്, Skill Enhancement കോഴ്സ് മുതലായവ നിർദേശിച്ചിട്ടുണ്ട്. BFA കോഴ്സിന്റെ റെഗുലേഷനിൽ പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായി സ്റ്റുഡിയോ കോഴ്സ് എല്ലാ വർഷവും ഉൾപ്പെടുത്തിയിരിക്കുന്നു. MFA കോഴ്സിന്റെ റെഗുലേഷനിൽ Studio Work and Outdoor Work, Degree Show എന്നിവ പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായി നിർദേശിച്ചിട്ടുണ്ട്. B. des കോഴ്സിന്റെ റെഗുലേഷനിൽ പ്രായോഗിക പരിശീലനത്തിനായി 8 ആഴ്ച കാലയളവിലുള്ള |

| | | | |
|---|---|---|---|
| | | | ഇന്റേൺഷിപ്പും എട്ടാം സെമെസ്റ്ററിൽ Design Collection ഉം നിർദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ